"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം.ഡിഡി2/136/2025/എൽ.എസ്.ജി.ഡി

തദ്ദേശ സ്വയംഭരണ (ഡിഡി) വകുപ്പ്

തിരുവനന്തപുരം,

തീയതി: 16-07-2025

<u>സർക്കുലർ</u>

വിഷയം:- എൽ.എസ്.ജി.ഡി. - MGNREGS - മേറ്റുമാരാകുന്നതിൽ നിന്ന് ഹരിതകർമ്മ സേനാംഗങ്ങളെ ഒഴിവാക്കുന്നത് - മേറ്റുമാരുടെ നിയമനവും സേവന വ്യവസ്ഥകളും സംബന്ധിച്ച പുതുക്കിയ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച 09.02.2021 തീയതിയിലെ ഡിഡി2/253/2020/എൽ.എസ്.ജി.ഡി സർക്കുലറിൽ ഭേദഗതി വരുത്തുന്നത് - സംബന്ധിച്ച്.

സൂചന:- 1.സർക്കുലർ നമ്പർ ഡിഡി2/253/2020/എൽ.എസ്.ജി.ഡി. തീയതി 09.02.2021.

2.ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 03.04.2025 തീയതിയിലെ 1820/എ/2024/എസ്.എം നമ്പർ കത്ത്

3.MGNREGS സ്റ്റേറ്റ് മിഷൻ ഡയറക്ടറുടെ 26.04.2025 തീയതിയിലെ NREGA/225/2025-C1 നമ്പർ കത്ത്.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ (MGNREGS) മേറ്റുമാരുടെ നിയമനവും സേവന വ്യവസ്ഥകളും സംബന്ധിച്ച പുതുക്കിയ നിർദ്ദേശങ്ങൾ സൂചന (1) സർക്കുലർ പ്രകാരം പുറപ്പെടുവിച്ചിരുന്നു.

MGNREGS-ലെ മേറ്റുമാരുടെ ചുമതലകളിൽ നിന്നും തികച്ചും വ്യത്യസ്തവും അനിവാര്യവുമായ സേവനമാണ് ഹരിതകർമ്മ സേനാംഗങ്ങൾ നിർവ്വഹിക്കുന്നതെന്നും ആയതിനാൽ ഹരിതകർമ്മ സേനാംഗങ്ങൾ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ മേറ്റുമാരുമായി പ്രവർത്തിക്കുന്നത് ഉചിതമായിരിക്കുകയില്ലെന്നും ഹരിതകർമ്മ സേനാംഗങ്ങളെ മേറ്റ് ആകുന്നതിൽ നിന്നും ഒഴിവാക്കപ്പെടേണ്ടവരുടെ പട്ടികയിൽ ഉൾപ്പെടുത്തി സൂചന (1) സർക്കുലറിൽ ഭേദഗതി വരുത്താവുന്നതാണെന്നും, ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ സൂചന (2) പ്രകാരമുള്ള അഭിപ്രായം കൂടി പരിശോധിച്ച ശേഷം, MGNREGS സ്റ്റേറ്റ് മിഷൻ ഡയറക്ടർ സൂചന (3) പ്രകാരം ശുപാർശ ചെയ്യുകയുണ്ടായി.

മേൽ സാഹചര്യത്തിൽ, മേറ്റ് ആകുന്നതിൽ നിന്നും ഒഴിവാക്കേണ്ടവരുടെ

പട്ടികയിൽ ഹരിതകർമ്മ സേനാംഗങ്ങളെ കൂടി ഉൾപ്പെടുത്തി സൂചന (1) സർക്കുലറിലെ ക്രമ നം. 4 ചുവടെ ചേർക്കുന്ന പ്രകാരം ഭേദഗതി വരുത്തുന്നു.

" **4. മേറ്റ് ആകുന്നതിൽ നിന്നും ഒഴിവാക്കേണ്ടവർ**

ജനപ്രതിനിധി, സി.ഡി.എസ് ചെയർപേഴ്സൺ, ആശാവർക്കർ, അംഗനവാടി വർക്കർ, എസ്.സി/എസ്.ടി പ്രൊമോട്ടർമാർ, സാക്ഷരതാ പ്രേരക്മാർ ഹരിതകർമ്മ സേനാംഗങ്ങൾ തുടങ്ങിയ മറ്റ് ചുമതലകൾ വഹിക്കുന്നവർ."

മേൽ ഭേദഗതിയോടെ സൂചന (1) സർക്കുലർ നിലനിൽക്കുന്നതാണ്.

SHEEJA R S

ജോയിന്റ് സെക്രട്ടറി

To:

മിഷൻ ഡയറക്ടർ, MGNREGS സ്റ്റേറ്റ് മിഷൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ ഡയറക്ടർ, എൽ.എസ്.ജി.ഡി, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
ഡയറക്ടർ ജനറൽ, കില, തൃശ്ശൂർ
എല്ലാ ഗ്രാമ /ബ്ലോക്ക് /ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്/ സെക്രട്ടറിമാർക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
എല്ലാ ജില്ലാ പ്രോഗ്രാം കോ-ഓർഡിനേറ്റർമാർ/ ജില്ലാ കളക്ടർമാർക്കും (മിഷൻ ഡയറക്ടർ മുഖേന)
എല്ലാ MGNREGS ഓംബുഡ്സ്മാൻമാർക്കും, MGNREGS ഓംബുഡ്സ്മാൻ അപ്പലേറ്റ് അതോറിറ്റിക്കും (മിഷൻ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
വെബ് & ന്യൂ മീഡിയ (ഐ & പിആർഡി)
സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Nisam N
സെക്ഷൻ ഓഫീസർ
Date: 17-07-2025 14:08:39

പകർപ്പ്: ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി